(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)
നം.കെ.എസ്.എ.ഐ.ഡി.കെ.12/1506/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇടുക്കി, തൊടുപുഴ
തീയതി: 02.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്
സർ,

വിഷയം : നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷങ്ങളില ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസി. കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, ഇടുക്കി
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ.12/1506/2017 തീയതി: 02.11.2017

# ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം

18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 09.01.2017 മുതൽ 21.10.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളീദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.10.2017 മുതൽ 26.10.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ടി.എസ് ധനജയൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബെന്നി മാത്യൂ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എബി അബ്രാഹം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ . ശ്രീമന്ദിരം ശശികുമാർ | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ. ഷറഫ് പി ഹംസ | 1.4.2016 മുതൽ 17.6.2016 വരെ |
| | ശ്രീ. കെ.സി രാജു | 18.6.2016 മുതൽ 31.3.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ജി. ശിവകുമാർ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി, നെടുങ്കണ്ടം | ഡോ. റിന അനസ് റാവുത്തർ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ ബ്ലോക്ക് പി.എച്ച്.സി, പാമ്പാട്ടുംപാറ | ഡോ. പ്രശാന്ത് വി.കെ | 1.4.2016 മുതൽ 31.5.2016 വരെ |
| | ഡോ. അഭിലാഷ് പുരുഷോത്തമൻ | 1.6.2016 മുതൽ 13.6.2016 വരെ |
| | ഡോ. ഗീതു വർഗീസ് | 14.6.2016 മുതൽ 17.8.2016 വരെ |
| | ഡോ. ബിജു ഫിലിപ്പ് | 18.8.2016 മുതൽ 31.3.2017 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. സി.എൻ ദിനേഷ് | 1.4.2016 മുതൽ 31.3.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഷാജൻ ജോസഫ് (അധിക ചുമതല) | 1.4.2016 മുതൽ 25.5.2016 വരെ |
| | ജാൻസി ജോൺ | 26.5.16 മുതൽ 31.3.2017 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. പ്രദീപ് ജി | 1.4.16 മുതൽ 30.6.2016 വരെ |
| | ശ്രീ രാധാകൃഷ്ണൻ സി ബി | 1.7.2016 മുതൽ 2.2.2017 വരെ |
| | ശ്രീ സുനീഷ് പി.വൈ | 3.2.2017 മുതൽ 31.3.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ഇ.വി. സാബു | 01.04.2017 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ഭാഗം 1 | | |
|---|---|---|
| ക്രമ നം. | ഖണ്ഡിക | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-5 |
| 6 | ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികൾ | 1-6 |
| 7 | തനത് വരുമാനം. | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ | 1-12 |
| ഭാഗം 2 | | |
| 13 | വാടക കുടിശ്ശിക സംബന്ധിച്ച് | 2-1 |
| 14 | ടെണ്ടർ ഫാറ വില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല | 2-2 |
| ഭാഗം 3 | | |
| 15 | വായ്പാ പലിശ വിഹിതം - അധിക തുക നല്കി | 3-1 |
| 16 | സേവനനികുതി ഒടുക്കിയില്ല. | 3-2 |
| 17 | ബ്ലേക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നു.ബ്ലേക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികളിൽ നിർമ്മാണം നടത്തിയിരിക്കുന്നു. | 3-3 |
| 18 | കാൻസർ രോഗ നിർണ്ണയം - മെഡിക്കൽ ക്യാമ്പ് നടത്തിയത് മാർഗ്ഗരേഖക്ക് വിരുദ്ധം | 3-4 |
| 19 | ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ പത്രപ്പരസ്യം നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു സ്കോളർഷിപ്പ് നല്കി | 3-5 |
| 20 | ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ പത്രപ്പരസ്യം നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഉന്നതപഠനത്തിന് സാമ്പത്തിക സഹായം നൽകി | 3-6 |
| 21 | മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് | 3-7 |
| ഭാഗം 4 | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| | (ഉണ്ടെങ്കിൽ) | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ - വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 24.02.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (₹2448797 മുന്നിരിപ്പ് ഉൾപ്പെടെ) ₹796819000 ഉം ചെലവ് ₹796670000 ഉം നീക്കിയിരിപ്പ് ₹2597797 ഉം ആണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.17 | 31.07.17 | - | |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1ആയി ചേർത്തിരിക്കുന്നു. | | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34801569 |
| വരവ് | 107098239 |
| ആകെ | 141899808 |
| ചെലവ് | 111260665 |
| നീക്കിയിരിപ്പ് | 30639143 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഫണ്ടിനങ്ങൾ പ്രകാരമുള്ള അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 36949616 | 24496356 | 66.29 |
| വികസനഫണ്ട് എസ്.സി.പി. | 7618281 | 6329899 | 83.08 |
| വികസനഫണ്ട് ടി.എസ്.പി. | 1263990 | 830000 | 65.66 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5739384 | 1923769 | 33.51 |

## 1-6 ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികൾ

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 92 | 67047639 | 59 | 37060385 | - | 33 | 55.27 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 126.02 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | 131775 | 171550 | 39775 | 30.18 |
| മറ്റുവരവുകൾ | 12635 | 154856 | 142221 | 1125.61 |
| ആകെ | 144410 | 326406 | 181996 | 126.02 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധനയിൽ നീക്കിയിരിപ്പൊന്നു മുണ്ടായിരിന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകൾ സൂക്ഷിച്ചിരിക്കുന്നത് പൊതുവെ തൃപ്തികരമായാണ്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതി, ഇന്റഗ്രേറ്റഡ് വാട്ടർ മാനേജ്മെന്റ് പ്രൊജക്ട് എന്നിവയിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുകൾ ഭാവിയിൽ റിക്കൂപ്പ് ചെയ്യേണ്ടതാണ്. എന്നാൽ ഇതു സംബന്ധിച്ച് രജിസ്റ്ററുകളൊന്നും സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-11-2006 മുതൽ 16-11-2006 വരെ | 2005-2006& 2006-2007 | 30-09-2009 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-03-2015-19-03-2015& 16-04-2015-18-04-2015 | 2009-10 to 2013-14 | 19-06-2015 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

2. വാടക രജിസ്റ്റർ പ്രകാരമുള്ള കുടിശിക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. ലോൺ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക കുടിശ്ശിക സംബന്ധിച്ച്

വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 വർഷത്തിൽ താഴെ സൂചിപ്പിക്കുന്ന വാടകക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| വാടകക്കാരന്റെ പേര് | മുറി നം | പ്രതിമാസ വാടക | ആകെ വാടക | ഒടുക്കിയത് | കുടിശ്ശിക |
|---|---|---|---|---|---|
| ധനലക്ഷ്മി എസ്.എച്ച്.ജി, പരപ്പനങ്ങാടി | രാജാക്കാട് എസ്.ജി.എസ്.വൈ നം.2 | 375 | 4500 | 1500 | 3000 |
| പ്രസ് ക്ലബ് നെടുങ്കണ്ടം | നെടുങ്കണ്ടം കിഴക്കേക്കവല നം.14 | 750 | 9000 | 5250 | 3750 |
| പ്രതിഭ എസ്.എച്ച്.ജി, നെടുങ്കണ്ടം | നെടുങ്കണ്ടം പടിഞ്ഞാറേക്കവല നം.24 | 750 | 3000 (12/2016 മുതലാണ് മുറി അനുവധിച്ചത്) | 0 | 3000 |
| അതുല്ല്യ എസ്.എച്ച്.ജി, പച്ചടി | നെടുങ്കണ്ടം പടിഞ്ഞാറേക്കവല നം.19 | 750 | 9000 | 8250 | 750 |
| നവദീപം എസ്.എച്ച്.ജി, താന്നിമൂട് | നെടുങ്കണ്ടം പടിഞ്ഞാറേക്കവല നം.21 | 750 | 9000 | 0 | 9000 |
| ചൈതന്യ എസ്.എച്ച്.ജി, കുന്നുകുഴി | നെടുങ്കണ്ടം പടിഞ്ഞാറേക്കവല നം.22 | 750 | 9000 | 8250 | 750 |

| | | | | | |
|---|---|---|---|---|---|
| ഐശ്വര്യ എസ്.എച്ച്.ജി, മട്ടമറ്റം | രാജകുമാരി പഞ്ചായത്ത് നം.23 | 375 | 4500+3375 (അരിയർ) | 0 | 7875 |

വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ടെണ്ടർ ഫാറ വില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുമ്പോൾ ഓൺലൈൻ വഴി ലഭിക്കുന്ന ടെണ്ടർ ഫാറ വില ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ കാലതാമസം കൂടാതെ ഒടുക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യാതെ ഈ തുക എൽ എസ് ജി ഡി ഇടുക്കി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചു. ഈ തുക അടിയന്തിരമായി ലഭ്യമാക്കി നിർദ്ദിഷ്ട അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വായ്പാ പലിശ വിഹിതം - അധിക തുക നല്കി

| | |
|---|---|
| പദ്ധതി | ജവഹർ ഭവനപദ്ധതി ലോൺ പലിശ- ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ(24/2017) |
| അടങ്കൽ | 500000/- |
| ബിൽ വിശദാംശങ്ങൾ | 10/16-17/10-11-2016 ₹398522/- |

ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന ജവഹർ ഭവനപദ്ധതിയുടെ ലോണിന് ഒടുക്കുവരുത്തേണ്ട പലിശയുടെ ഒരു ശതമാനം ബ്ലോക്ക് പഞ്ചയത്ത് വിഹിതമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലേയ്ക്ക് നല്കേണ്ടതാണ്. ആയതുപ്രകാരം ഒരാൾക്ക് രണ്ട് ലക്ഷം രൂപാ നിരക്കിൽ 39 പേർക്ക് ആകെ

₹7,800,000/- വായാപാനമതിയാണ് രാജകുമാരി ഗ്രാമപഞ്ചായത്തിന് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് ലഭിച്ചത്.

ഗ്രാമപഞ്ചായത്തിൽ നിന്ന് ആവശ്യപ്പെട്ട പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ₹78,000/- ഗ്രാമപഞ്ചായത്തിലേയ്ക്ക് പലിശയിനത്തിൽ തൻവർഷം നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പിൻവലിച്ച തുകയ്ക്ക് 11% നിരക്കിൽ 31-03-2017തീയതി പ്രാബല്യത്തിൽ ആകെ ഒടുക്കവരുത്തേണ്ട പലിശ(₹181724/-) മാത്രമാണെന്ന് കാണിച്ച് ജില്ലാ സഹകരണ ബാങ്ക് കത്ത് ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1% നിരക്കായ ₹16,520/- മാത്രമാണ്. അതായത് വായ്പയുടെ പലിശയിനത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ₹61,480/-(78000-16520) അധികമായി ഗ്രാമപഞ്ചായത്ത് ഡിമാന്റ് ചെയ്ത് വാങ്ങിയിട്ടുണ്ട്.

കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കി അധികമായി നല്കിയ തുക വരുംവർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്. (2017-18 വർഷത്തിലും പലിശയിനത്തിൽ ₹78,000/- ഗ്രാമപഞ്ചയത്തിലേയ്ക്ക് നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതും ക്രമീകരിക്കേണ്ടതാണ്).

## 3-2 സേവനനികുതി ഒടുക്കിയില്ല

2016-17 ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ സേവനനികുതി ഒടുക്കുന്നതിനായി മാറിയ തുകകൾ ഓടുക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമനം | പദ്ധതിയുടെ പേര് | ബിൽ നം തീയതി | അളവ് ബുക്ക് പ്രകാരം സേവനനികുതി ഒടുക്കുന്നതിനായി കണക്കാക്കിയിരിക്കുന്ന തുക₹ |
|---|---|---|---|
| 1 | ക്ഷീരവികസന ഓഫീസ് മെയിന്റനൻസ്.64/17 | 20/16-17 തീ.30.03.17 ₹480000/- | 45550/- |
| 2 | കരുണാപുരം ഗ്രാമീണ വനിതാ കർഷകമാർക്കറ്റ് സംഭരണവിതരണകേന്ദ്രം.9/17 | 21/16-17 തീ.30.03.17 ₹998661/- | 56528/- |
| 3 | നെടുംകണ്ടം കിഴക്കേകവല എസ്.ജി.എസ്.വൈ. കെട്ടിടപുനരുദ്ധാരണം.65/17 | 24/16-17 തീ.30.03.17 ₹450000/- | 45120/- |

| | | | |
|---|---|---|---|
| 4 | രാജാക്കാട് സി.എച്ച്.സി മെയിന്റനൻസ്.60/17 | 26/16-17 തീ.30.03.17 ₹400000/- | 38578/- |
| 5 | കള്ളിമാലി സാനിട്ടറി യൂണിറ്റ് മെയിന്റനൻസ്.52/17 | 28/16-17 തീ.31.03.17 ₹885000/- | 50733/- |
| 6 | ചോറ്റുപാറഹോമിയോ ആശുപത്രിക്ക് അടിസ്ഥാനസൌകര്യം.70/17 | 37/16-17 തീ.31.03.17 ₹490000/- | 46639/- |
| 7 | നെടുംകണ്ടം താലൂക്ക് ആശുപത്രിക്ക് ഡോക്ടേർസ് ക്വോർട്ടേഴ്സ് പുനരുദ്ധാരണം.67/17 | 36/16-17 തീ.31.03.17 ₹442317/- | 42030/- |
| 8 | നെടുകണ്ടം ബ്ലോക്ക് പഞ്ചായത്ത് പുനരുദ്ധാരണം 73/17 | 34/16-17 തീ.31.03.17 ₹400000/- | 38515/- |
| 9 | നെടുകണ്ടം സി.എച്ച്.സി കാന്റീൻ മെയിന്റനൻസ്.29/17 | 32/16-17 തീ.31.03.17 ₹300629/- | 28566/- |
| | ആകെ | | **392259** |

ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്റ്റേറ്റ്മെന്റുകൾ പ്രകാരം പ്രസ്തുതതുകകൾ ഉൾപ്പെടെ കരാറുകാർ/ കൺവീനർമാർക്ക് നൽകിയതായി കാണുന്നു. എന്നാൽ കരാറുകാർ/ കൺവീനർമാർ സർവ്വീസ് ടാക്സ് ഒടുക്കിയതായി കാണുന്നില്ല. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/25.10.2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹3,92,259/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നു.ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികളിൽ നിർമ്മാണം നടത്തിയിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 172 (1) നാലാംപട്ടികയിൽ പ്രതിപാദിച്ചിരിക്കുന്നു. ഇവയിൽ ഉൾപ്പെടാത്ത ഇനം പ്രവർത്തികൾ ഏറ്റെടുത്ത് നിർവ്വഹിച്ചിരിക്കുന്നു. കൂടാതെ പദ്ധതികൾ

നിർവ്വഹണം നടത്തിയിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ അസ്തികളിലാണെന്നുള്ളതിനുള്ള രേഖകൾ ലഭ്യമല്ല.

| ക്രമനം | പദ്ധതിയുടെ പേര്.നം | ബിൽ നം,തീയതി,തുക | റിമാർക്സ് |
|---|---|---|---|
| 1. | കരുണാപുരം ഗ്രാമീണ വനിതാ കർഷകമാർക്കറ്റ് സംഭരണവിതരണ കേന്ദ്രം.9/17 | 21/16-17 തീ.29.03.17 ₹998661/- | ബ്ലോക്ക് പഞ്ചായത്തിന്റെ അസ്തിയാണെന്നുള്ളതിനുള്ള രേഖകൾ ഇല്ല. |
| 2 | കമ്പംമെട്ട് സാനിട്ടറി കോംപ്ളക്സ് .51/17. | 25/16-17 തീ.30.03.17 ₹461284/- | 1.ബ്ലോക്ക് പഞ്ചായത്തിന്റെ അസ്തിയാണെന്നുള്ളതിനുള്ള രേഖകൾ ഇല്ല. 2.ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉൾപ്പെടാത്ത ചുമതല. |
| 3 | കള്ളിമാലി സാനിട്ടറി കോംപ്ളക്സ് .52/17. | 28/16-17തീ.31.03.17 ₹885000/- | 1.ബ്ലോക്ക് പഞ്ചായത്തിന്റെ അസ്തിയാണെന്നുള്ളതിനുള്ള രേഖകൾ ഇല്ല. 2.അധികാരപരിധിയിൽ ഉൾപ്പെടാത്ത ചുമതല. 3.എസ്റ്റിമേറ്റിലും അളവ്ബുക്കിലും ഉൾപ്പെട്ടിരിക്കുന്ന ഇനങ്ങളുടെ ആകെ പ്രവൃത്തിമൂല്യം ₹743550/- അളവ് ബുക്കിൽ മെമ്മോറാണ്ടം ഓഫ് പേയ്മെന്റിൽ ₹95000/- കൂടി പ്രത്യേകം കൂട്ടി ആകെ പ്രവർത്തിമൂല്യം ₹838550/- ആയി കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ നികുതികളും കണക്കാക്കിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | |
| 4 | മുണ്ടിയെരുമ സ്കൂളിൽ ബാസ്കറ്റ് ബോൾ കോർട്ട് നിർമ്മാണം.68/17 | 14/16-17 തീ.30.03.17 ₹270000/- | ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉൾപ്പെടാത്ത ചുമതല. ജില്ലാപഞ്ചായത്താണ് ഹൈസ്കൂളുകളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. |
| 5 | വലിയകുളം ഭാഗം കുടിവെള്ള പദ്ധതി 4/17 | 08/14-15 തീ.31.10.14 ₹301691/-<br>27/16-17 തീ.31.03.17 ₹141899/- | കുടിവെള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്തത് . |
| 6 | കലവനാക്കുന്നേൽ കുടിവെള്ള പദ്ധതി.5/17 | 09/14-15 തീ.31.10.14 ₹291544/-<br>29/16-17 തീ.31.03.17 ₹152194/- | കുടിവെള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്തത് . |

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 7,8/25.10.2017 ന് മറുപടി ലഭ്യമാക്കിയില്ല. മേൽസൂചിപ്പിച്ചിരിക്കുന്ന അപാകതകളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതികൾക്കായി 2016-17 വർഷം ചെലവഴിച്ചിരിക്കുന്ന ₹2,909,038/- യിൽ നിന്ന് ഖണ്ഡിക 3-2 ലെ ക്രമനം 2,5 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള (56528+50733) ₹1,07,261/- കുറവ് ചെയ്തതിന് ശേഷമുള്ള ₹2,801,777/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 കാൻസർ രോഗ നിർണ്ണയം - മെഡിക്കൽ ക്യാമ്പ് നടത്തിയത് മാർഗ്ഗരേഖക്ക് വിരുദ്ധം

| | |
|---|---|
| പ്രോജക്ട് | കാൻസർ രോഗ നിർണ്ണയം |
| പ്രോജക്ട്.നം | 59/2016-17 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , ബ്ലോക്ക് പി.എച്ച്.സി, പാമ്പാടുംപാറ |

| | |
|---|---|
| ചെലവ്- | 80,000/- |
| ബിൽനം.തീ. | 4/2016-17, 21/3/17 |

ജി.ഒ എം.എസ് 362/2013 ത.സ്വ.ഭ.വ തീ: 16.11.13, ഖണ്ഡിക 7.7 പ്രകാരം ഉത്പാദന പരമല്ലാത്ത പരിപാടികളായ ക്യാമ്പയിനുകൾ, മേളകൾ മുതലായവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല. എന്നാൽ വിദൂര പ്രദേശങ്ങളിലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്താവുന്നതാണ്. (ഏതെങ്കിലും പ്രത്യേക വിഭാഗത്തിനു വേണ്ടിയോ പ്രത്യേക ആവശ്യത്തിനു വേണ്ടിയോ ബോധവൽക്കരണ പരിപാടികൾ നടത്താൻ സർക്കാർ അനുവദിച്ചിട്ടുള്ള സംഗതികളിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്താവുന്നതാണ്.) മേൽപ്പറഞ്ഞ ഉത്തരവു പ്രകാരം കാൻസർ രോഗനിയന്ത്രണത്തിനുള്ള മെഡിക്കൽ ക്യാമ്പ് നടത്തുവാൻ അനുവാദമില്ലാത്തതാണ്. ഇതു സംബന്ധിച്ച അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അനുവാദമില്ലാത്ത പദ്ധതിക്ക് തുക ചെലവഴിച്ചത് മാർഗ്ഗവിരുദ്ധമാണ്. മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവായതിനാൽ ചെലവഴിച്ച ₹80,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ പത്രപ്പരസ്യം നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു സ്കോളർഷിപ്പ് നല്കി

| | |
|---|---|
| പ്രോജക്ട് | യുവജനങ്ങൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ് (റ്റി.എസ്.പി) |
| പ്രോജക്ട്.നം | 66/2016-17 |
| നിർവ്വഹണം | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| ചെലവ്- | 50,000/- |
| ബിൽനം.തീ. | 12/16-17, 28/3/17 |

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ യുവജനങ്ങൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ് (റ്റി.എസ്.പി) പദ്ധതി പ്രകാരം കുമാരി അനിമോൾ. ജി,

അരുവിളാഞ്ചാൽ, ശ്രീ. അജിത്ത് എം., അരുവിളാഞ്ചാൽ എന്നീ വിദ്യാർത്ഥികൾക്ക് പഠനത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം തെരഞ്ഞെടുപ്പ് നടത്തി, ആനുകൂല്യങ്ങൾ നൽകേണ്ടതിനു പകരം പത്രപ്പരസ്യം നൽകി, അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു സാമ്പത്തിക സഹായം നൽകിയിരിക്കുന്നു. മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവായതിനാൽ ചെലവഴിച്ച ₹50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ പത്രപ്പരസ്യം നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഉന്നതപഠനത്തിന് സാമ്പത്തിക സഹായം നൽകി

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് അഡ്മിഷൻ ധനസഹായം |
| പ്രോജക്ട്.നം | 31/16-17 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |
| ചെലവ്- | 761899 |
| ബിൽനം.തീ. | 1/2016-17, 30/12/16 |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ യുവജനക്ഷേമം (എസ്.സി.പി), പ്രൊജക്ട് നം 31/2016-17 പ്രകാരം താഴെ കൊടുത്തിരിക്കുന്ന 23 വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര്/മേൽവിലാസം |
|---|---|
| 1 | രാജീഷാ രാജു, ഇടവിള, നെടുങ്കണ്ടം പി.ഒ. |
| 2 | ജി. സന്ധ്യ, കുന്നേൽ, ചെമ്മണ്ണാർ പി.ഒ. |

| | |
|---|---|
| 3 | ശ്രീക്കുട്ടൻ ബി, ബ്ലോക്ക് നം. 440, കല്ലാർ പി.ഒ. |
| 4 | ആഷ് ലി എം. കൃഷ്ണൻ, മണ്ണിക്കൽ, രാമക്കൽമേട് |
| 5 | അരുൺകുമാർ സി.എം., ചാരപ്പറമ്പിൽ, രാമക്കൽമേട് |
| 6 | ജയകുമാരി സി.വി., ചരുവിള പുത്തൻവീട്, രാമക്കൽമേട് |
| 7 | മധു വിജയൻ, കാഞ്ഞിരത്തിങ്കൽ, കുഴിത്തൊളു പി.ഒ. |
| 8 | എബിൻ പ്രഭാകരൻ, പുത്തൻതറയിൽ, പുഷ്പക്കണ്ടം |
| 9 | രാജീവ് ജെ. ചിട്ടുഭവൻ, കൊച്ചറ പി.ഒ. |
| 10 | ശ്യാംകുമാർ റ്റി.എസ്. തെക്കേതിൽ കൊച്ചറ പി.ഒ. |
| 11 | ഹരികൃഷ്ണൻ കെ.ആർ. കുന്നത്തുപറമ്പിൽ , ചോറ്റുപാറ പി.ഒ. |
| 12 | സുനിൽകുമാർ എം.ജി. മൂലയിൽ, രാമക്കൽമേട് പി.ഒ. |
| 13 | അനിൽകുമാർ എം.ജി. മൂലയിൽ, രാമക്കൽമേട് പി.ഒ. |
| 14 | ആശ നന്ദകുമാർ മാരിയിൽ, മുക്കുടിൽ പി.ഒ. |
| 15 | ശരത്ത് കെ.എസ്. കരിംകൊഴപ്പിൽ, കല്ലാർ പി.ഒ. |
| 16 | വീണ ബാബു, മങ്ങാട്ടുകുന്നേൽ, മാവടി പി.ഒ. |
| 17 | അഭിജിത്ത് പ്രമോദ്, മുതുകുന്നേൽ, പാമ്പാട്ടുംപാറ |
| 18 | ഗ്രീഷ്മ വിജയൻ, മാവുംക്കൂട്ടത്തിൽ, ഉടുമ്പൻചോല |

| | |
|---|---|
| 19 | ആരതി കൃഷ്ണ, പള്ളിവിളയിൽ, ബാലഗ്രാം പി.ഒ. |
| 20 | നീനുമോൾ കെ.ആർ., കീന്തനാനിക്കൽ, നെടുങ്കണ്ടം പി.ഒ. |
| 21 | സോഫിൻ സി സോമൻ, ചക്കുംങ്കൽ, കുഴിത്തൊളു |
| 22 | രാജേശ്വരി ജി, പാമ്പാടുംപാറ എസ്റ്റേറ്റ്, പാമ്പാടുംപാറ പി.ഒ. |
| 23 | അരുൺ രാജേന്ദ്രൻ, പുതുപുരയ്ക്കൽ, കല്ലാർ പി.ഒ. |

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം തെരഞ്ഞെടുപ്പ് നടത്തി, ആനുകൂല്യങ്ങൾ നൽകേണ്ടതിനു പകരം പത്രപ്പരസ്യം നൽകി, അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു സാമ്പത്തിക സഹായം നൽകിയിരിക്കുന്നു. ഇതു സംബന്ധിച്ച അന്വേഷണ കുറിപ്പ് നം. 1ന് മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവായതിനാൽ ചെലവഴിച്ച ₹761899/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് | ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്നു വാങ്ങൽ |
| പ്രോജക്ട്.നം | 54/16-17 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , ബ്ലോക്ക് പി.എച്ച്.സി, പാമ്പാടുംപാറ |
| ചെലവ്- | 500,000/- |
| ബിൽനം.തീ. | 6/2016-17, 21/3/17 |

തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | തീയതി | വൗച്ചർ നം | തുക |
|---|---|---|---|---|
| 1 | ഹോംകോ | 6-11-16 | 1 | 200,000/- |
| 2 | കെ.എം.എസ്.സി.എൽ | 3-3-17 | 2 | 100,000/- |
| 3 | കെ.എം.എസ്.സി.എൽ | 3-3-17 | 3 | 100,000/- |
| 4 | കെ.എം.എസ്.സി.എൽ | 3-3-17 | 4 | 100,000/- |
| | | | ആകെ | 500,000/- |

എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ ബില്ലുകളോ തുക കൈപ്പറ്റിയതിന്റെ രസീതോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ

ലഭ്യമാക്കാത്തതിനാൽ ചെലവു തുക ₹500000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2016-17 | 700000 | അംഗപരിമിതർക്ക് മുച്ചക്ര വാഹനം | 700000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ - വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | സ.ഉ.നം. 1673/2010 തസഭവ. തീ.19.05.2010 | 17019750 | 5369885 | 1500000 | - | 3869885 |

വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകൾ ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 32 | 2000-2001 | അവേലാകനം | അനർഹർക്ക് ധനസഹായം നൽകി | ലഭ്യമല്ല |
| 1998-99 | 35 | 2000-2001 | അവേലാകനം | ടിഷ്യൂകൾച്ചർ യൂണിറ്റിന് ഒരു ലക്ഷം രൂപ നഷ്ടം | ലഭ്യമല്ല |
| 2000-2001 | 20 | 2003-2004 | - | വ്യവസായ എസ്റ്റേറ്റിന് വാങ്ങിയ സ്ഥലം സ്കൂൾ പണിയാൻ വിട്ടു നൽകി | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107098239 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 111260665 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4585935 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | |
| 3-2 | 392259 | ശ്രീ. ജി. ശിവകുമാർ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, |
| 3-3 | 2801777 | ശ്രീ. ജി. ശിവകുമാർ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | 80000 | ഡോ.ബിജു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ ബ്ലോക്ക്<br>പി.എച്ച്.സി, പമ്പാട്ടുംപാറ |
| 3-5 | 50000 | ശ്രീ. സുനീഷ് പി.വൈ.,<br>ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, |
| 3-6 | 761899 | ശ്രീ. ഇ.വി. സാബു, പട്ടികജാതി വികസന ഓഫീസർ |
| 3-7 | 500000 | ഡോ.ബിജു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ ബ്ലോക്ക്<br>പി.എച്ച്.സി, പാമ്പാട്ടുംപാറ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1995-96 & 1996-97 | എൽ എഫ് ഐ-3/443/98 തീയതി 8.3.1999 |
| 1997-98 | എൽ എഫ് ഐ-3/11/99 തീയതി 5.7.1999 |
| 1998-99 | എൽ.എഫ്ഐ.3/ 299/2000/06.11.2000 |
| 1999-2000 | എൽ.എഫ്.ഐ.3/ 744/2000/20.02.2001 |
| 2000-2001 | എൽ.എഫ്.ഐ.3/ 742/2002/05.04.2003 |
| 2001-2002 | എൽ.എഫ്.ഐ.4/ 231/04/08.09.2004 |
| 2002-03 | എൽ.എഫ്.ഐ.4/ 26/2005/28.01.2005 |
| 2003-04 | എൽ.എഫ്.ഐ.4/ 287/2005/04.07.2005 |
| 2004-05 | എൽ.എഫ്.ഐ.4/ 1033/2006/24.01.2007 |

| | |
|---|---|
| 2005-06 | എൽ.എഫ്.ഐ.4/ 514/08/29.08.2008 |
| 2006-07 | എൽ.എഫ്.ഐ.4/ 287/2009/01.10.2009 |
| 2007-08 | എൽ.എഫ്.ഐ.4/ 851/10/29.11.10 |
| 2008-09 | എൽ.എഫ്.ഐ.4/ 280/11/08.08.2011 |
| 2009-10& 2010-11 | എൽ.എഫ്.ഐ.4/ 1385/12/02.08.2013 |
| 2011-12& 2012-13 | എൽ.എഫ്.ഐ.4/ 393/14/07.06.14 |
| 2013-14& 2014-15 | കെ.എസ്.എ.ഐ.ഡി.കെ.12/ 1398/2015 തീ. 30.03.2016 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.12/ 27/2017 തീ. 4.3.2017 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐ.ഡി.കെ-12/1506/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം ഇടുക്കി

തീയതി.02.11.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ നെടുംങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-2017 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

No.KSA-IDK-12/1506/2017

DISTRICT AUDIT OFFICE,IDUKKI
KERALA STATE AUDIT DEPARTMENT
DATED : 02.11.2017

Certified that I have audited the Annual Financial Statement of Nedumkandam Block Panchayath in Idukki district for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts Panchayath Raj Institutions.

In my opinion, the Financial Statements of Nedumkandam Block Panchayath for the 2016-2017 except the observations in my audit report properly presents the picture of income and expenditure.

Senior Deputy Director